# വൈഖരി

**2023-24**

**ജി വി എച്ച് എസ് എസ്**

**പയ്യാനക്കൽ**

# ആശംസ

LITTLE KITES is to horn students' interest in Information and Communication Technologies (ICTs) and create a culture for the appropriate usage of technology. It help students to learn the different dimensions of ICT tools and use them in their learning activities.It is a great pleasure to create a digital magazine by littlekites members for the year 2023-24. My best wishes to allofyou



**ബിന്ദു കെ ടി**

**പ്രിൻസിപ്പൽ**

# ആശംസ

പഠനപ്രവർത്തനത്തിന്റെ ഭാഗമാണ് സ്ക്കൂൾമാഗസിനുകൾ.വിദ്യാർത്ഥികളുടെ സർഗശേഷിയെ പ്രോത്സാഹിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ഹെഡ്മിസ്ട്രസ്സ്

**നിഷ എം പി**

# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ഐ ടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ് . ഐ സി ടി പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു.

ഷെറീന സി എച്ച്

പി ടി എ പ്രസിഡന്റ്

# എഡിറ്റോറിയൽ

ആധുനിക സാങ്കേതികവിദ്യയിലൂടെ
വിദ്യാർത്ഥികളുടെ
സർഗാത്മകസൃഷ്ടികളെ
പരിചയപ്പെടുത്തുന്നവയാണ്
ഡിജിറ്റൽ മാഗസിനുകൾ. സ്ക്രൈബസ്
എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്
ഞങ്ങളിത് തയ്യാറാക്കിയത്. കൈറ്റ്
മിസ്ട്രസ്സുമാരായ ദിവ്യ ടീച്ചറുടെയും
ബിലു ടീച്ചറുടെയും സഹായത്തോടെ
തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ
"വൈഖരി "
ഞങ്ങൾ സവിനയം സമർപ്പിക്കുന്നു



നവഗീത് പി കെ
9B

# എഡിറ്റോറിയൽ ബോർഡ്

## ഹെഡ്മിസ്ട്രസ്സ് നിഷ എം പി

## ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാർ

1. ദിവ്യ എസ്
2. ബിലു ടി കെ

## ചീഫ് എഡിറ്റർ

നവഗീത് പി കെ

## സബ് എഡിറ്റേഴ്സ്

1. ആയിഷ ഫിദ എ
2. അസ്ന ഷറിൻ കെ പി
3. ഹിബ ടി പി
4. ഫാത്തിമ അഫ്ല എൻ വി

## കവർ പേജ്

നവഗീത് പി കെ

# ഉള്ളടക്കം

പ്രകൃതി..........................................................8

കോഴിയും എലിയും......................................9

എ പി ജെ അബ്ദുൾ കലാം............................10

മഴ..........................................................11

ലിറ്റിൽ കൈറ്റ്സ് ചിത്രങ്ങൾ..........................12

പഴഞ്ചൊല്ലുകൾ..........................................13

മലയാളത്തിലെ കവികൾ...............................14

കണക്കിലെ കളികൾ.....................................15

ചെന്നായ വൈദ്യൻ........................................16

മഴക്കാലം...................................................17

കടങ്കഥകൾ.................................................18

കുട്ടികളുടെ കലാസൃഷ്ടികൾ.........................19

മൗലാന അബ്ദുൾ കലാം ആസാദ്.............20

Basic GK Questions........................................21

The Person next to me...................................22

Famous Quotes...............................................23

സ്കൂൾ കാഴ്ചകൾ......................................24


# പ്രകൃതി

നമ്മുടെ പ്രകൃതിയുടെ ഭംഗിയിനി
നമുക്കാസ്വദിക്കാൻ കഴിയുമോ
നല്ല നാളെ നമുക്ക്
സൃഷ്ടിക്കുവാൻ കഴിയുമോ
നാടും ജനങ്ങളും നാളേ
യ്ക്കു വേണ്ടി മാറുമോ?
എത്രയെത്ര ചോദ്യങ്ങളിതാ
ചോദിക്കാൻ കിടപ്പു പ്രകൃതി
എന്നാൽ അതിന്റെ
ഉത്തരമെവിടെയുമില്ല ...

ഫാത്തിമ ഫിദ കെ പി

10 B

# കോഴിയും എലിയും




ഒരു ദിവസം ഇരതേടി നടക്കുമ്പോഴാണ് അമ്മിണി കോഴി ഒരു കാഴ്ച കണ്ടത്, ഒരു മാളം. അതിലേക്ക് കൗതുകത്തോടെ നോക്കി നിൽക്കുമ്പോഴാണ് കറുത്ത ഒരു ജീവി അതിൽ നിന്ന് പുറത്തേക്ക് വന്നത്. അത് ഒരു ചുണ്ടെലിയായിരുന്നു. അമ്മിണി കോഴി ആദ്യമായാണ് ഒരു എലിയെ കാണുന്നത്.
അവൾ ചോദിച്ചു, " നീയാരാ ? എന്താ നിന്റെ പേര് ?
" ഞാനാണ് ചുണ്ടെലി, എന്റെ പേര് ചിന്നൻ " - ചുണ്ടെലി
പറഞ്ഞു.
അമ്മിണി കോഴി - " നീ ഇതിനകത്ത് എന്തെടുക്കുന്നു ?
ചിന്നൻ - " ഇതെന്റെ വീടാണ് "
" നിനക്കെങ്ങനെ ഇതിനകത്ത് ജീവിക്കാൻ പറ്റും " ? വീണ്ടും അമ്മിണി കോഴിക്ക് സംശയം
അങ്ങനെ സംസാരിച്ചു സംസാരിച്ചു അവർ കൂട്ടുകാരായി. അപ്പോഴാണ് അടുത്തുള്ള മാവിൽ നിന്ന് പഴുത്ത ഒരു മാമ്പഴം താഴേക്ക് വീണത്. അവർ അത് വീതിച്ചു കഴിച്ചു.
" നമുക്ക് ഇതിന്റെ അണ്ടി കുഴിച്ചിട്ടാലോ " ? അമ്മിണി കോഴി ചോദിച്ചു
ഉടനെ ചിന്നൻ മണ്ണുമാന്തി ഒരു കുഴി ഉണ്ടാക്കി മാങ്ങാണ്ടി കുഴിച്ചിട്ടു. അവരുടെ സൗഹൃദത്തിന്റെ അടയാളമായി അവിടെ ഒരു മാവിൻ തൈ വളർന്നു വന്നു.

അശ്വതി ടി
9 B

# എ പി ജെ അബ്ദുൾ കലാം



ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്നു എ പി ജെ അബ്ദുൾ കലാം. 1931 ഒക്ടോബർ15 ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജൈനലാബ്ദീന്റെയും ആഷിയമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. അദ്ദേഹത്തിന്റെ മുഴുവൻ പേര് അവുൽ പകീർ ജൈനലാബ്ദീൻ അബ്ദുൾ കലാം എന്നാണ്. ശാസ്ത്രമേഖലയ്ക്ക് വലിയ സംഭാവനകൾ നൽകിയ ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞൻ കൂടിയായ അദ്ദേഹം " ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ എന്നറിയപ്പെടിന്നു. 2015 ജൂലൈ 27 ന് മേഘാലയയിലെ ഷില്ലോങ്ങിൽ വെച്ച് അദ്ദേഹം മരണപ്പെട്ടു.

**അസ്ന ഷറിൻ കെ പി**

**9 C**

# മഴ

ഞാൻ കണ്ട  ഏറ്റവും വലിയ
പ്രതിഭാസം. പെയ്തിറങ്ങുന്ന ഓരോ
മഴത്തുള്ളിക്കും ഒരു പ്രതീക്ഷയുണ്ട്
തന്റെ വരവും കാത്തിരിക്കുന്ന
മണ്ണിനെ കെട്ടിപുണരാമെന്ന്.
ഇതൊരു തരം പ്രണയമാണ്. തന്റെ
വരവും കാത്തിരിക്കുന്ന പ്രിയ
സഖിയെ ഒരു നോക്ക് കാണാൻ
ദൂരങ്ങൾതാണ്ടി
മരച്ചില്ലകൾക്കിടയിലൂടെ
പെയ്തിറങ്ങുന്ന ആത്മാർത്ഥമായ
പ്രണയം. അവർ
തമ്മിലൊന്നിക്കുന്നിടത്ത്
കാർമേഘങ്ങൾ ഇല്ലാതാവുന്നു.
ഇതാണ് പ്രണയം. മണ്ണിന്റെ
മണമുള്ള യഥാർത്ഥ പ്രണയം.

നജ ഫാത്തിമ വി

9 C

# ലിറ്റിൽ കൈറ്റ്സ് ചിത്രങ്ങൾ




















# പഴഞ്ചൊല്ലുകൾ

## ആന



ആന കൊടുത്താലും ആശ കൊടുക്കരുത്

ആനയെ പേടിച്ചാൽ പോരേ

ആനപ്പിണ്ടത്തേയും പേടിക്കണോ

ആന വായിൽ അമ്പഴങ്ങ

ആന വാ പൊളിക്കുന്നതു കണ്ട് അണ്ണാൻ വാ പൊളിക്കരുത്

അടി തെറ്റിയാൽ ആനയും വീഴും

ആനയ്ക്ക് ശത്രു ആന തന്നെ

നവഗീത് പി കെ

9 B

# മലയാളത്തിലെ കവികൾ

## പ്രാചീന കവിത്രയം



തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ



ചെറുശ്ശേരി




കുഞ്ചൻ നമ്പ്യാർ

## ആധുനിക കവിത്രയം



കുമാരനാശാൻ



വള്ളത്തോൾ



ഉള്ളൂർ

മുഹമ്മദ് ഷാഹിൽ

9 A

# കണക്കിലെ കളികൾ

1) ഗുണിക്കുമ്പോൾ

കൊലയാളി കൂട്ടുമ്പോൾ

നിഷ്ക്രിയൻ ?

-പൂജ്യം

2) നൂറിൽ നിന്ന് ഒന്ന് എത്ര

തവണ കുറയ്ക്കാം ?

-ഒരു തവണ

3)എട്ട് എട്ട് കൊണ്ട്

ആയിരമാക്കാമോ ?

-888+88+8+8+8

4) പത്തു പേർ പത്തു

മിനുട്ടു കൊണ്ട് പത്തു

മാങ്ങ പറിക്കുമെങ്കിൽ

ഒരാൾക്ക് ഒരു മാങ്ങ

പറിക്കാൻ എത്ര സമയം

വേണം ?

-പത്തു മിനുട്ട്

5) നാലിൽ നിന്ന് ഒന്ന്

പോയാൽ

അഞ്ചാകുന്നതെപ്പോൾ ?

-റോമൻ അക്കത്തിൽ

6) 40cm ആഴമുള്ള ഒരു

കുഴിയിൽ എത്ര

മണ്ണുണ്ടാകും?

-മണ്ണുണ്ടാവില്ല

7)ഞങ്ങൾ നാലുപേരും

സഹോദരന്മാരാണ് .ഞങ്ങ

ൾക്കെല്ലാം ഓരോ

സഹോദരിയുണ്ട്.എങ്കിൽ

ഞങ്ങൾ എത്ര മക്കളാണ് ?

- 5

ഹിബ ടി പി

9 B

# ചെന്നായ വൈദ്യൻ





വിശന്നു വലഞ്ഞ ഒരു ചെന്നായ ഇര തേടി നടക്കുകയായിരുന്നു. അങ്ങനെ നിരാശനായിരിക്കുമ്പോഴാണ്

അവനൊരു കുതിരക്കൂട്ടം കണ്ടത്. അവന്റെ വായിൽ വെള്ളമൂറി. കൂട്ടത്തിലെ ചെറുകുതിരകളിൽ ഒന്നിനെ കിട്ടിയാൽ ഇന്നത്തെ കാര്യം കുശാലായി, ചെന്നായ ചിന്തിച്ചു. അവനൊരു സൂത്രം തോന്നി. അവൻ നേരെ കുതിരക്കൂട്ടത്തിനടുത്തേയ്ക്ക് ചെന്ന് അവരോട് പറഞ്ഞു - പേടിക്കണ്ട, ഞാൻ ഒരു വൈദ്യനാണ്. ആ കുതിരക്കുട്ടിയുടെ മുടന്ത് ഞാൻ ശരിയാക്കിത്തരാം. കാൽ കാണിക്കാൻ തിരിഞ്ഞു നിൽക്കുമ്പോൾ ചാടി വീണ് കുതിരക്കുട്ടിയെ ആക്രമിക്കാനായിരുന്നു അവന്റെ പദ്ധതി. അപ്പോൾ കൂട്ടത്തിലെ മുതിർന്ന കുതിര പറഞ്ഞു- ഓഹോ, ഞാൻ ഒരു വൈദ്യനെ തേടി നടക്കുകയായിരുന്നു, എന്റെ പിൻകാലിലും ഒരു മുറിവുണ്ട്.

അതിനെന്താ, ഞാൻ ശരിയാക്കിത്തരാം, ഇങ്ങോട്ട് മാറി നിന്നോളൂ - ചെന്നായ പറഞ്ഞു. മുറിവു നോക്കുന്നതായി അഭിനയിച്ചു ചെന്നായ കുതിരയുടെ പിന്നിലെത്തി. പെട്ടെന്ന് കുതിര ഉയർന്നുചാടി കാല് കൊണ്ട് ഊക്കനൊരു തൊഴി കൊടുത്തു.ഏതാനും വാര അകലത്തിലേയ്ക്ക് വീണ ചെന്നായയ്ക്ക് എഴുന്നേറ്റുനിൽക്കുവാൻ പോലും കഴിഞ്ഞില്ല.ബുദ്ധിമാന്മാരെ പറ്റിക്കുക എളുപ്പമല്ല എന്ന് ചെന്നായക്ക് മനസ്സിലായി.

# മഴക്കാലം

മഴക്കാർ കാണുന്നുണ്ടേ
മഴത്തുള്ളി വീഴുന്നുണ്ടേ
ഇടിമിന്നൽ കാണുന്നുണ്ടേ
തുലാംമാസ രാവിൻ കാലം

അരുവികൾ പാടുന്ന നേരം
കിളിക്കൊഞ്ചൽ കേൾക്കുന്നുണ്ടേ
പൂമണം വീശുന്നുണ്ടേ
മഴക്കാല രാവിൻ നേരം

മഴ കാറ്റ് വീശും നേരം
മരച്ചില്ലയുലയുന്നുണ്ടേ
ആകാശം മുരളുന്നുണ്ടേ
മഴക്കാല രാവിൻ നേരം.....

ഫാത്തിമ അഫ്ല എൻ വി

9 B

# കടങ്കഥകൾ

മുള്ളുണ്ട് മുരിക്കല്ല. കയ്യുണ്ട് കാഞ്ഞിരമല്ല. - പാവയ്ക്ക

എന്നെ തൊട്ടു കൂട്ടും .പക്ഷേ സദ്യയ്ക്കെടുക്കില്ല. - കാൽക്കുലേറ്റർ

കാലു പിടിക്കുന്നവനെ സംരക്ഷിക്കുന്നവൻ - കുട

ആരും ഇഷ്ടപ്പെടാത്ത ദേശം - ഉപദേശം

അടിവെച്ചടിവെച്ച് കയറ്റം കിട്ടുന്ന ജോലി - തെങ്ങുകയറ്റം

ജനനം മുതൽ മരണം വരെ കുളിച്ചുകൊണ്ടിരിക്കുന്ന ജീവി -മത്സ്യം

ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം - Q

കണ്ണുള്ളവർക്കും കണ്ണില്ലാത്തവർക്കും ഒരു പോലെ

കാണാവുന്നതെന്ത് - സ്വപ്നം

സ്വന്തം പേര് എപ്പോഴും പറഞ്ഞ് നടക്കുന്ന ജീവി - കാക്ക

എങ്ങനെ എഴുതിയാലും ശരിയാവാത്തതെന്ത് - തെറ്റ്

മുഹമ്മദ് സഹീർ

8 A

# കുട്ടികളുടെ കലാ സൃഷ്ടികൾ

ഫാത്തിമ ഷഹന എൻ വി



ആയിഷ നഹന കെ പി





മുഹമ്മമദ് മിഫാസിൽ പി പി





9 C

# മൗലാന അബ്ദുൾ കലാം ആസാദ്

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ശ്രദ്ധേയനായ വ്യക്തിത്വമാണ് മൗലാന അബ്ദുൾ കലാം ആസാദ്. " ആസാദ് " എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 1888 നവംബർ 11 ന് ഇസ്ലാമിക പുണ്യനഗരമായ മെക്കയിലാണ് അദ്ദേഹത്തിന്റെ ജനനം. 1890-ൽ അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി. തന്റെ പതിമൂനാമത്തെ വയസ്സിൽ അദ്ദേഹം സുലേഖ ബീഗത്തെ വിവാഹം കഴിച്ചു.

സ്വാതന്ത്ര്യഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജന്മദിനം ദേശീയ വിദ്യാഭ്യാസ ദിനമായി നാം ആചരിക്കുന്നു. അദ്ദേഹത്തിന്റെ ഓർമശക്തി അത്ഭുതകരമാണ്.

വിവിധ വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള അറിവ് വിശ്വവിജ്ഞാനകോശത്തിനു സമാനമാണ്. അക്രമത്തിനും അനീതിക്കുമെതിരെ തൂലിക പടവാളാക്കി പ്രവർത്തിച്ചു. "ഇന്ത്യ വിൻസ് ഫ്രീഡം " എന്ന പുസ്തകം അദ്ദേഹത്തിന്റെ ആത്മകഥയാണ്. ഹിന്ദു-മുസ്ലിം സാഹോദര്യത്തിനായി നിലകൊണ്ട ശക്തനായ നേതാവായിരുന്നു അദ്ദേഹം. ഭാരതസർക്കാർ അദ്ദേഹത്തെ ഭാരതരത്ന നൽകി ആദരിച്ചിട്ടുമുണ്ടായിരുന്നു.

ആയിഷ ഫിദ എ

9 C

# BASIC GK QUESTIONS

**1) Who discovered computer?**

**2) National river of India?**

**3) Biggest state in India?**

**4) Who is the first educational minister of India?**

**5) Which day is celebrated as reading day?**

**6) Whose autobiography is “ Wings of fire” ?**

**7) First element in the Periodic table?**

**8) Hardest natuarally occurring substance found on Earth?**

**ANSWERS**

**1) Charles Babbage**
**2) Ganga**
**3) Rajasthan**
**4) Maulana Abul Kalam Azad**
**5) June 19**
**6) APJ Abdul Kalam**
**7) Hydrogen**
**8) Diamond**

ഫാത്തിമ ഷഹല പി പി

8 C

# THE PERSON NEXT TO ME

ONCE THERE WERE A MAN WHO WAS PARALIZED. HE CAME TO A HOSPITAL FOR HIS TREATMENT. HE CAN'T EVEN STAND BECAUSE OF HIS PARALIZED LEGS. HE GOT A FRIEND WHOSE BED IS NEAR TO THE WINDOW. HE WAS A HEART PATIENT. ONE DAY THE MAN SAID TO HIS FRIEND THAT "BECAUSE OF MY PAARLIZED LEGS I HAVE BEEN STUCK HERE FOR WEEKS. IT'S BEEN SO LONG SINCE I LAST WATCHED OUTSIDE." THEN SOON HIS FRIEND STARTED TO DESCRIBE THE THINGS HE SAW FROM THE WINDOW NEAR TO HIS BED. BUT SOME DAYS LATER THE FRIEND WAS SAYING THE SAME THINGS AGAIN AND AGAIN. AND SOON THE MAN STARTED HATING HIM. ONE NIGHT, THE MAN COULDN'T SLEEP. SUDDENLY HIS FRIEND STARTED TO HAVE HEART ATTACK, BUT INSTEAD OF PRESSING THE EMERGENCY BUTTON IN HIS HANDS, HE SLEPT SILENTLY. AND THE NEXT DAY HE WAS WOKE UP WITH THE NEWS THAT HIS FRIEND WAS DEAD. HE FELT A LITTLE BIT GUILTY. AFTER SOME DAYS HE HAD A SURGERY AND HE WAS GETTING BETTER. NOW HE MISS THE THINGS TOLD BY HIS FRIEND. HE ASKED FOR THE BED NEAR TO THE WINDOW-THE SAME BED HIS FRIEND HAD-. BUT HE WAS SHOCKED TO SEE A WALL WHICH WAS BLOCKING HIS VIEW OF OUTSIDE. HE ASK ABOUT THE WALL TO THE NURSE, THAT'S WHEN HE FOUND OUT THAT IT HAS BEEN THERE FOR YEARS AND HIS FRIEND WAS SAYING THE THINGS TO MAKE HIM CALM UNTILL HE COMPLETES HIS TRETMENT. GUILT FILLED IN HIS HEART. TEARS RAN OUT FROM HIS EYES. HE REALIZED THE BIG MISTAKE HE HAD DONE. THE MISTAKE HE DONE TO HIS BELOVED FRIEND.

RINSHA .P

8 C

# Famous quotes

“Learn from yesterday, Live for today, Hope for tomorrow

Albert Einstein

“The best way to predict your future is to create it”

Abraham Lincoln

“If you cannot do great things , do small things in a great way”

Napoleon Hill

“The best brains of the nation may be found on the last benches of the classroom “

APJ Abdul kalam

“One child , one teacher, one book, one pen can change the world”

Malala Yousafzai

ALIYA MEHARIN

8 C

# സ്കൂൾ കാഴ്ചകൾ
















OFFICE































# നന്ദി